MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 26

# വയോജന പരിചരണം നമ്മുടെ രക്തത്തിലലിഞ്ഞുചേർന്നത്: സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ

പ്രായമായവരെ നന്നായി പരിചരിക്കുന്നത് നമ്മുടെ രക്തത്തിലലിഞ്ഞുചേർന്ന കാര്യമാണെന്ന് കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഡിമെൻഷ്യ ബാധിതരുടെ പരിചരണവും ക്ഷേമവും സംബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദേശ രാജ്യങ്ങളിൽ വയോജനങ്ങളുടെ ക്ഷേമപരിപാലനത്തിനായി പ്രത്യേക കേന്ദ്രങ്ങളും സംവിധാനങ്ങളും നിലവിലുണ്ടെന്നും നമ്മുടെ സമൂഹത്തിന്റെ കുടുംബ കേന്ദ്രീകൃതമായ പാരമ്പര്യവും പ്രത്യേകതകളും സംരക്ഷിച്ചുകൊണ്ട് ഇത്തരത്തിലുള്ള പരിചരണ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ജോബിൻ ചാമക്കാല പരിപാടി ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് അധ്യക്ഷത വഹിച്ചു.

സിൻഡിക്കേറ്റ് അംഗം ഡോ. തോമസ് കുരുവിള, സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി ഓണററി ഡയറക്ടർ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ, മൂലമറ്റം സെന്റ് ജോസഫ്സ് കോളേജ് സോഷ്യൽ വർക്ക് വകുപ്പ് മേധാവി ഡോ. മാത്യു കണമല, സർവകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് ചെയറിന്റെ ചെയർ പ്രൊഫസറും ചെയർപേഴ്സണുമായ ഫാ. (ഡോ.) കെ. എം. ജോർജ്, അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ഡോ. പി. നൈനാൻ കുര്യൻ, വൈസ് പ്രസിഡന്റ് കെ.സി വർഗീസ്, സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി

വിദ്യാർത്ഥി അനുരാഗ് നായർ എന്നിവർ സംസാരിച്ചു.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം വിഷയവുമായി ബന്ധപ്പെട്ട് വിവിധ ഗവേഷണ പ്രബന്ധ അവതരണങ്ങളും പാനൽ ചർച്ചകളും നടന്നു. ഡിമെൻഷ്യ ചികിത്സാരംഗത്തെ വിഗദ്ധനായ ഡോ. സി. ടി. സുധീർ കുമാർ, ഡോ. ജേക്കബ് റോയ് അനുസ്മര പേൾ ജൂബിലി പ്രഭാഷണം നിർവഹിച്ചു. അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയിൽ ദീർഘകാലം പ്രവർത്തിച്ച വർക്കി കുര്യൻ, എം. ജെ.സെബാസ്റ്റ്യൻ, ഡോ. നൈനാൻ കുര്യൻ, സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഫോട്ടോ ക്യാപ്ഷൻ: കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുന്നു.

പി.ആർ.ഒ/864/2026

പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല സെപ്റ്റംബർ 28 നു നടത്താനിരുന്ന പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതികൾ വെബ് സൈറ്റിൽ ലഭ്യമാണ്.

പി.ആർ.ഒ/865/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒക്ടോബർ 14ന്  ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (2025 അഡ്മിഷൻ റെഗുലർ 2023, 2024 അഡ്മിഷൻ സപ്ലിമെന്ററി, 2022 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2020 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 01 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 03 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 05 വരെയും അപേക്ഷ സ്വീകരിക്കും

പി.ആർ.ഒ/866/2026

പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.ജി.യു.-യു.ജി.പി. (ഓണേഴ്സ്) / ബി.ബി.എ. (ഓണേഴ്സ്) / ബി.സി.എ.

(ഓണേഴ്സ്) (2024 അഡ്മിഷൻ റെഗുലർ വിദ്യാർഥികൾക്കുള്ള സ്പെഷ്യൽ പരീക്ഷ) ആഗസ്റ്റ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി ഒക്ടോബർ 11 വരെ അപേക്ഷിക്കാവുന്നതാണ്.

പി.ആർ.ഒ/867/2026

കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി എം ജി യു

കോട്ടയം: കർഷകർ, കർഷക ഉൽപ്പാദക സംഘടനകൾ, സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവരെ കോർത്തിണക്കി വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയ്ക്ക് തദ്ദേശീയ മാതൃക തീർക്കാൻ മഹാത്മാഗാന്ധി സർവകലാശാല. ഇതിന്റെ ഭാഗമായി കർഷകരുമായും കർഷക ഉൽപ്പാദക സംഘടനകളുമായുമുള്ള സംവാദ പരിപാടി സെപ്റ്റംബർ 28-ന് സർവകലാശാല ക്യാമ്പസിൽ നടക്കും.

ജലവിഭവ-ഭവന വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ ഏറ്റുമാനൂർ എം.എൽ.എ. ശ്രീ. നാട്ടകം സുരേഷ് മുഖ്യപ്രഭാഷണം നടത്തും. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ചടങ്ങിൽ അധ്യക്ഷത വഹിക്കും.

കർഷകരുടെ പ്രായോഗിക പ്രശ്നങ്ങളും ആവശ്യങ്ങളും സർവകലാശാലയിലെ അക്കാദമിക-ഗവേഷണ മേഖലകളുമായി ബന്ധിപ്പിക്കുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. കർഷകർ നേരിടുന്ന വെല്ലുവിളികൾ വിദ്യാർത്ഥികളുടെ പഠന പ്രോജക്ടുകളായി ഏറ്റെടുക്കും. സർവകലാശാലയിൽ വികസിപ്പിക്കുന്ന ആശയങ്ങളും സാങ്കേതികവിദ്യകളും കർഷകരുടെ ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിക്കാൻ സർവകലാശാല നേരിട്ട് പിന്തുണ നൽകും.

സർവകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശം, സാങ്കേതികവിദ്യ, ഉൽപ്പന്ന വികസനം, സംരംഭകത്വ സഹായം എന്നിവ ഉറപ്പാക്കും. കൂടാതെ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ കർഷകരുടെ ആവശ്യാനുസൃതമുള്ള ഗവേഷണങ്ങൾക്ക് പിന്തുണയേകും.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, ഡോ. അൽസൺ മാർട്ട്, ഡോ. രാജേഷ് കോമത്ത്, പ്രൊഫ. (ഡോ.) ഗിരീഷ് കുമാർ ജി.എസ്., ഡോ. ഐസൺ വി. വഞ്ചിപ്പുരക്കൽ, മിസ് ആൻ സെബാസ്റ്റ്യൻ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, ബി. ഐ. ഐ. സി ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. എന്നിവർ

പരിപാടിക്ക് നേതൃത്വം നൽകും.

പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള കർഷകർക്കും സംരംഭകർക്കും പൊതുജനങ്ങൾക്കും +91 8848875928 എന്ന നമ്പറിലേക്ക് വിളിച്ചോ വാട്സ്ആപ്പ് വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

പി. ആർ. ഒ /868/2026

പബ്ലിക് റിലേഷൻസ് ഓഫീസർ

